# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3732 — 17.12.2015 ൽ മറുപടിയ്ക്ക്

## കൃഷ്ണപിള്ള സ്മാരകം തകർത്തതു സംബന്ധിച്ച കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിൽ പി. കൃഷ്ണപിള്ള സ്മാരകം തകർത്തതു സംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ; | (എ) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ കഞ്ഞിക്കുഴി വില്ലേജിൽ പെരുംതുരുത്തി മുറിയിൽ കണ്ണർകാട് എന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന, സഖാവ് കൃഷ്ണപിള്ള സ്മാരക മന്ദിരവും അനുബന്ധമായി സ്ഥാപിച്ചിരുന്ന പ്രതിമയും 31.10.2013 പുലർച്ചെ 1.30 ന ഭാഗികമായി നശിപ്പിച്ചതുമായി ബന്ധപ്പെട്ട് മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 720/2013 u/s 153, 447, 427, 436 IPC കേസിന്റെ തുടരന്വേഷണം ക്രൈംബ്രാഞ്ച് STATS വിഭാഗം പോലീസ് സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. ആയത് 425/CR/ STATS/ 2013 u/s 153, 447,427, 436, 120(b) IPC നമ്പർ ആയി അന്വേഷണം നടത്തിവരവെ, ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം കൂടുതൽ തെളിവുകൾ സമാഹരിക്കുന്നതിനായി സൂപ്രണ്ട് ഓഫ് പോലീസ് STATS ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ക്രൈം എ.ഡി.ജി.പിയുടെ മേൽനോട്ടത്തിൽ ഫലപ്രദമായി അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രസ്തുത സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് നാളിതുവരെ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>(1) ലതീഷ് ബി .ചന്ദ്രൻ, മുഹമ്മ, ആലപ്പുഴ<br>(2) സാബു, കഞ്ഞിക്കുഴി, ആലപ്പുഴ<br>(3) ദീപു, കഞ്ഞിക്കുഴി, ആലപ്പുഴ<br>(4) രാജേഷ്, കഞ്ഞിക്കുഴി, ആലപ്പുഴ<br>(5) പ്രമോദ്, മുഹമ്മ, ആലപ്പുഴ |

17/12/15

സെക്ഷൻ ഓഫീസർ